പെടുത്തിയിരിക്കുന്നത്. അതിന്റെ സ്ഥിതി പുനരവലോകനം ചെയ്യാനും അർഹമായ ദ്വീപുകളെ സി. ആർ. ഇസഡ്. IV വിഭാഗത്തിൽ ഉൾപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ നിയന്ത്രണ പരിധിയിൽ അധിവസിക്കുന്ന ജനങ്ങളെ മറ്റുസ്ഥലങ്ങളിലേക്ക് മാറ്റി താമസിപ്പിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാനും തീരദേശ പരിപാലനചട്ടം കാര്യക്ഷമമായി നടപ്പിൽ വരുത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള ശാസ്ത്ര സാങ്കേതിക വകുപ്പ് അവാർഡുകൾ

56 [1571] ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രഖ്യാപിച്ച നൂതന സാങ്കേതിക വിദ്യയുടെ കണ്ടെത്തലിനുള്ള അവാർഡുകൾ സംബന്ധിച്ച പേപ്പർ പ്രസന്റേഷൻ നടത്തിയിരുന്നുവോ; ഉണ്ടെങ്കിൽ എന്നാണ്;

(ബി) ഇതു സംബന്ധിച്ച് അവാർഡുകൾ നിശ്ചയിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം;

(സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമായിരുന്നു; കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) കമ്മിറ്റി ഉയർന്ന ഗ്രേഡ് നല്കിയ കണ്ടുപിടിത്തത്തിന് അവാർഡ് നല്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി), (സി), (ഡി), (ഇ) & (എഫ്) ബാധകമല്ല

സ്വാതന്ത്ര്യ സൈനിക സമ്മാൻ പെൻഷൻ കൈപ്പറ്റുന്നവർ

57 [1572] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സൈനിക സമ്മാൻ പെൻഷൻ കൈപ്പറ്റുന്ന എത്ര സ്വാതന്ത്ര്യ സമരസേനാനികൾ ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹതയുണ്ടായിട്ടും നിരവധിപേർക്ക് സ്വാതന്ത്ര്യ സൈനിക സമ്മാൻ പെൻഷൻ ലഭ്യമാക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) രേഖാമൂലം അപേക്ഷ സമർപ്പിച്ചവരിൽ അർഹതയുള്ള ആർക്കും പെൻഷൻ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) അനേകം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; സ്വതന്ത്രതാ സൈനിക് സമ്മാൻ സ്കീമിൽ നിഷ്കർഷിക്കുന്ന തെളിവ് രേഖകളോടെ ലഭിക്കുന്നവ, കേന്ദ്ര സർക്കാരിലേക്ക് പെൻഷനുവേണ്ടി ശുപാർശ ചെയ്ത് അയയ്ക്കുകയാണ് ചെയ്യാറുള്ളത്.

ഗുണ്ടാ-മാഫിയാ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

58 [1573] ശ്രീ. സി. മമ്മൂട്ടി:
,, യു. സി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനുദിനം വർദ്ധിച്ചു വരുന്ന ഗുണ്ടാ-മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണ്ടകളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബ്ലേഡ് സംഘങ്ങൾ, വാഹന ബ്രോക്കർമാർ, കെട്ടിട ബ്രോക്കർമാർ തുടങ്ങിയവരെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അന്വേഷണം നടത്തി ഇത്തരം മാഫിയകളെ അമർച്ച ചെയ്യാൻ ശക്തവും അടിയന്തിരവുമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly